പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2508 — 7.2.2019 -ൽ മറുപടിയ്ക്ക്

## വിനോദ സഞ്ചാര നൗകകൾക്ക് കസ്റ്റംസ് തീരുവ ഏർപ്പെടുത്തിയ നടപടി

| | ചോദ്യം<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ. ആർ. രാമചന്ദ്രൻ<br>ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | കൊച്ചിയടക്കമുള്ള രാജ്യത്തെ തുറമുഖങ്ങളിലെത്തുന്ന വിനോദ സഞ്ചാര നൗകകൾക്ക് കസ്റ്റംസ് തീരുവ ഏർപ്പെടുത്തിയ കേന്ദ്ര പരോക്ഷ നികുതി-കസ്റ്റംസ് ബോർഡിന്റെ സർക്കുലർ കേരളത്തിന്റെ വിനോദ സഞ്ചാര സാധ്യതകളെ പ്രതികൂലമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ; | എ) യും ബി) യും സി) യും | ഇക്കാര്യം പ്രത്യേകം പരിശോധിച്ചിട്ടില്ല. |
| ബി) | ഇന്ത്യൻ തുറമുഖങ്ങളിൽ നങ്കൂരമിടുന്ന ആഡംബര വിനോദ നൗകകളുടെ സന്ദർശനത്തെ നിരുത്സാഹപ്പെടുത്തി പിന്തിരിപ്പിക്കുന്ന കേന്ദ്ര സർക്കാർ നടപടി സംസ്ഥാനത്തിന്റെ വിനോദ സഞ്ചാര വരുമാനം ഗണ്യമായി കുറയ്ക്കുമോ; വ്യക്തമാക്കുമോ; | | |
| സി) | ഇത്തരം ആഡംബരക്കപ്പലുകളിൽ എത്തുന്ന സഞ്ചാരികൾ കൊച്ചിയിലും അനുബന്ധ | | |

| | | | |
|---|---|---|---|
| | പ്രദേശങ്ങളിലുമായി ചെലവിടുന്ന തുക നഷ്ടമാക്കുന്നത് വ്യാപാര രംഗത്തിന് തന്നെ തിരിച്ചടിയാകുമോ; വിശദമാക്കുമോ; | | |
| ഡി) | ഏറ്റവും ആഡംബര ക്രൂയിസുകൾ നങ്കൂരമിടുന്ന കൊച്ചി തുറമുഖം വിനോദ സഞ്ചാരികൾക്ക് യഥേഷ്ടം കടന്നുവരാൻ സാധിക്കുന്ന ഒന്നായി നിലനിർത്തുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തുമോ; വ്യക്തമാക്കുമോ? | ഡി) | പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ